"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഇടുക്കി ജില്ലയിലെ കൊക്കയാർ ഗ്രാമ പഞ്ചായത്തിലെ സീനിയർ ക്ലാർക്കായിരിക്കേ 08.11.2013 ൽ മരണപ്പെട്ട എം.എൻ.സന്തോഷിന്റെ ഭാര്യ ശ്രീമതി.നിസാർ ബീഗത്തിന് കുടുംബപെൻഷൻ കടിശ്ശിക അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1266/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 06/07/2021

പരാമർശം:- പഞ്ചായത്ത് ഡയറക്ടറുടെ 02.11.2020, 29.03.2021 എന്നീ തീയതികളിലെ എച്ച് 3-2186/20 നമ്പർ കത്തുകൾ.

ഉത്തരവ്

ഇടുക്കി ജില്ലയിലെ കൊക്കയാർ ഗ്രാമ പഞ്ചായത്തിലെ സീനിയർ ക്ലാർക്കായിരിക്കേ 08.11.2013 ൽ മരണപ്പെട്ട എം.എൻ.സന്തോഷിന്റെ ഭാര്യ ശ്രീമതി.നിസാർ ബീഗത്തിന് മുൻ കാല പ്രാബല്യത്തിൽ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ശിപാർശ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലയിലെ കൊക്കയാർ ഗ്രാമ പഞ്ചായത്തിൽ സീനിയർ ക്ലാർക്കായിരിക്കേ 08/11/2013-ൽ മരണപ്പെട്ട എം.എൻ.സന്തോഷിന്റെ പെൻഷൻ ആനുകൂല്യങ്ങൾക്കു വേണ്ടി ടിയാന്റെ ഭാര്യ ശ്രീമതി.നിസാർ ബീഗം യഥാസമയം തന്നെ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും ടിയാനെതിരെയുള്ള അച്ചടക്കനടപടികൾ തീർപ്പാക്കുന്നതിലും അനധിക്ൃത ഹാജരില്ലായ്മ കാലയളവ് ക്രമീകരിക്കുന്നതിലും വകുപ്പിന്റെ ഭാഗത്തു നിന്നും കാലതാമസം നേരിട്ടതിനാലാണ് പെൻഷൻ അപേക്ഷ സമയബന്ധിതമായി അക്കൗണ്ടന്റ് ജനറലിന് സമർപ്പിക്കാൻ സാധിക്കാതിരുന്നതെന്ന വസ്തുത കണക്കിലെടുത്ത് ടിയാന്റെ ഭാര്യ ശ്രീമതി.നിസാർ ബീഗത്തിന് 09.11.2013 മുതൽ 05.10.2018 വരെയുള്ള കുടുംബപെൻഷൻ കടിശ്ശിക അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

File No.LSGD-EPA1/211/2020-LSGD

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, കൊക്കയാർ ഗ്രാമ പഞ്ചായത്ത്, ഇടുക്കി(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ശ്രീമതി.നിസാർ ബീഗം,മാമ്മൂട്ടിൽ വീട്, പീരുമേട്, ഇടുക്കി (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ധന വകുപ്പിന്(12.02.2021 ലെ ww1/8/21/Fin നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ്(വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(A &E) ആഡിറ്റ്, കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (LBA &A), കേരള

ജില്ലാ ട്രഷറി ഓഫീസർ, ഇടുക്കി

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ കെ എം, തിരുവനന്തപുരം

കരുതൽ ഫയൽ, ഓഫീസ് പകർപ്പ്(211/ഇപിഎ1/2020/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ